# അക്കാദമിക
# മാസ്റ്റർ പ്ലാൻ

ഗവ. എൽ. പി. സ്കൂൾ
ചിറ്റാർ എസ്റ്റേറ്റ്

## സ്കൂൾ തലം

### ആമുഖം

ചിറ്റാർ തോട്ടം തൊഴിലാളികളുടെ മക്കളുടെ പ്രാഥമിക വിദ്യാഭ്യാസം ലക്ഷ്യമാക്കി 1956-ൽ എസ്റ്റേറ്റ് മാനേജ്മെന്റ് ആരംഭിച്ചതാണ് ചിറ്റാർ എസ്റ്റേറ്റ് എൽ. പി. സ്കൂൾ. ചിറ്റാർ പഞ്ചായത്തിലെ 4-ാം വാർഡിലാണിത് സ്ഥിതി ചെയ്യുന്നത്. കാലാന്തരത്തിൽ എസ്റ്റേറ്റ് മാനേജ്മെന്റ് സ്ഥാവരജംഗമ വസ്തുക്കൾ സഹിതം ഗവൺമെന്റിന് കൈമാറി. സാധാരണക്കാരുടെ മലയോര മേഖലയായ ചിറ്റാറിലെ പ്രാഥമിക വിദ്യാഭ്യാസകേന്ദ്രമായി ഈ സരസ്വതീക്ഷേത്രം നില നിൽക്കുന്നു.

### അടിസ്ഥാന വിവരങ്ങൾ

### നിലവിലെ അവസ്ഥ

ഇവിടെ 1 മുതൽ 4 വരെ ക്ലാസുകൾ പ്രവർത്തിച്ചു വരുന്നു. പ്രഥമാധ്യാപകൻ ഉൾപ്പെടെ 4 അധ്യാപകരും ഒരു PTCM ഉം PTA-യുടെ നേതൃത്വത്തിൽ ഒരു Pre- Primary വിഭാഗവും പ്രവർത്തിച്ചു വരുന്നു.

## അദ്ധ്യാപകർ

| പേര് | തസ്തിക |
|---|---|
| ലത.K | HM |
| അരുന്നജ.S | LPST |
| ആൻസി.A | LPST |
| രശ്മി രാധാകൃഷ്ണൻ | LPST |

## അനദ്ധ്യാപകർ

| പേര് | തസ്തിക |
|---|---|
| ഓമന.C.C | PTCM |

## കുട്ടികളുടെ എണ്ണം.

| ആൺ | പെൺ | ആകെ |
|---|---|---|
| 15 | 12 | 27 |

## നേട്ടങ്ങൾ

2023-24, 2024-25 അധ്യയനവർഷങ്ങളിൽ കുട്ടികൾക്ക് LSS ലഭിച്ചു. ഇതേ വർഷങ്ങളിൽ ശാസ്ത്ര ഗണിത ശാസ്ത്ര പ്രവർത്തി പരിചയ മേളകൾ കലോത്സവം എന്നിവയിലും കുട്ടികൾ ഉയർന്ന വിജയം നേടി.

## വെല്ലുവിളികളും പരിമിതികളും.

* ഹൈടെക് ക്ലാസ്മുറികളുടെ അഭാവം.
* മതിയായ എണ്ണം കുട്ടികളുടെ കുറവ്.
* ചിൽഡ്രൻസ് പാർക്ക്.
* ഗണിതലാബ്, ശാസ്ത്രലാബ്, ഭാഷാലാബ്
* വാഹന സൗകര്യത്തിന്റെ കുറവ്
* ഊണുമുറിയുടെ അഭാവം
* അസംബ്ലി ഹാൾ
* ശിശു സൗഹൃദ ഫർണിച്ചറുകൾ

# സ്കൂളിന്റെ കാഴ്ചപ്പാടും ദൗത്യവും

- സ്കൂൾ പരിധിയിലുള്ള എല്ലാ കുട്ടികളേയും നമ്മുടെ ഈ സ്കൂളിലെത്തിക്കുക.
- എല്ലാ കുട്ടികൾക്കും അടിസ്ഥാനശേഷികൾ ഉറപ്പാക്കുക.
- സമഗ്രഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കുക.
- മികച്ച ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയും അക്കാദമിക നിലവാരം ഉയർത്തിയും കുട്ടികളെ സ്കൂളിലേക്ക് ആകർഷിക്കുക.

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളും കരിക്കുലം ലക്ഷ്യമാക്കുന്ന പഠനനേട്ടങ്ങൾ കൈവരിക്കുക.
- കൈയ്യെഴുത്ത് മാസികകളുടെ പ്രസിദ്ധീകരണം
- നേരനുഭവങ്ങളിലൂടെയുള്ള പഠനം
- ബോധവത്കരണ ക്ലാസുകൾ.
- സ്കൂളിനെ സമൂഹവുമായി ബന്ധിപ്പിക്കുക.

# അവസ്ഥാ വിശകലനം

- എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട ശേഷികൾ നേടാൻ സാധിക്കുന്നില്ല.
- ഹൈടെക് ക്ലാസ്മുറികളുടെ അഭാവം ആധുനിക സാങ്കേതിക വിദ്യയുപയോഗിച്ചുള്ള പഠനത്തിന് തടസ്സമാകുന്നു.
- മതിയായ യോഗ്യതയുള്ള അധ്യാപകരുണ്ട്. അവർക്ക് വേണ്ട പരിശീലനം സമയോചിതമായി ലഭിച്ചിട്ടുണ്ട്.
- ലൈബ്രറി കുട്ടികൾക്ക് സ്വതന്ത്രമായി ഉപയോഗിക്കുന്നതിനുള്ള അസൗകര്യം.
- ക്ലബ്ബുകളുടെ പ്രവർത്തനം കുറച്ചുകൂടി സജീവമാക്കേണ്ടതുണ്ട്.
- രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും പങ്കാളിത്തം ഒരു പരിധിവരെ ലഭിക്കുന്നുണ്ട്.

# പ്രവർത്തന പദ്ധതികൾ

- വായന, ലേഖനം എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പഠനപ്രവർത്തനങ്ങൾ
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾ
- പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പഠനസഹായം
- മത്സര പരീക്ഷകൾക്ക് പ്രത്യേക പരിശീലനം
- പഠനോപകരണ നിർമ്മാണ ശില്പശാല.
- പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം.
- ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുക.
- മുൻവർഷ ചോദ്യപേപ്പറുകളുടെ വിശകലനം.
- ക്ലബ്ബ് പ്രവർത്തനങ്ങളുടെ ~~വിശകലനം~~. വിപുലീകരണം.
- അധ്യാപക പരിശീലന ശില്പശാല സംഘടിപ്പിക്കൽ
- പഠനസാമഗ്രികളുടെ നിർമ്മാണം, പ്രദർശനം.
- എസ്. ആർ. ജി മീറ്റിംഗുകൾ സംഘടിപ്പിക്കുക.

# അടിസ്ഥാന സൗകര്യ വികസനം

→ ക്ലാസ് മുറി ആകർഷകമാക്കൽ
→ ശുചിത്വവും സുരക്ഷിതത്വവുമുള്ള പഠനാന്തരീക്ഷം ഒരുക്കൽ
→ ക്ലാസ് തല കലാ-കായിക പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
→ പൊതുജന പങ്കാളിത്തത്തോടെ സേവനവാരാചരണം.
→ രക്ഷിതാക്കൾക്കുള്ള ബോധവത്ക്കരണ ക്ലാസുകൾ ശില്പശാല എന്നിവ സംഘടിപ്പിക്കുക.
→ പൂർവ്വ വിദ്യാർത്ഥി സംഘടനകൾ രൂപീകരിക്കുക.
S.M.C മീറ്റിംഗുകൾ സംഘടിപ്പിക്കുക.

## സമയക്രമം

ഹ്രസ്വകാലം - പഠനോപകരണ നിർമ്മാണം ശില്പശാല.

മധ്യകാലം - കലാ-കായിക വിദ്യാഭ്യാസം

ദീർഘകാലം - വായന, ലേഖനം എന്നിവ മെച്ചപ്പെടുത്തൽ. സ്കോളർഷിപ്പ് പരിശീലനം, ക്ലബ്ബ് പ്രവർത്തനങ്ങൾ

## വിഭവസമാഹരണം

സ്കൂൾതല പഠനപ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നതിനുവേണ്ടി PTA, SMC, സ്പോൺസർഷിപ്പ് എന്നീ സംവിധാനങ്ങളിൽ നിന്നും ആവശ്യമായ സാമ്പത്തിക, മാനസിക വിഭവങ്ങൾ കണ്ടെത്തുന്നു.

## നിരീക്ഷണവും വിലയിരുത്തലും.

* പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുന്നതിനും വിലയിരുത്തുന്നതിനുമായി PTA, SMC, MPTA, Noonmeal കമ്മറ്റി എന്നിവ വിളിച്ചുകൂട്ടി, അഭിപ്രായങ്ങൾക്കനുസരിച്ച് മാറ്റം വരുത്തുന്നു.

* ഹെഡ്മാസ്റ്റർ, SRG കൺവീനർ, സ്റ്റാഫ് സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ സ്കൂൾ പ്രവർത്തനചുമതലകൾ വിഭജിച്ചു നൽകുന്നു.

* എല്ലാ മാസവും ക്ലാസ്. പി. ടി. എ വിളിച്ചു കൂട്ടി പഠനപ്രവർത്തനങ്ങൾ വിലയിരുത്തുന്നു

*

* സ്കൂൾ പ്രവർത്തന അവലോകനത്തിനായി 2 മാസത്തെ ഇടവേളകളിൽ സ്കൂൾ PTA വിളിച്ചു ചേർക്കുന്നു.